**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3285** **01-03-2023 - ൽ മറുപടിയ്ക്ക്**

**സാക്ഷരതാ പ്രേരകുമാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ എം വിൻസെൻറ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സാക്ഷരതാ പ്രേരകുമാരെ സാക്ഷരതാ മിഷന്റെ നിയന്ത്രണത്തിലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടി സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) | സാക്ഷരതാ പ്രവർത്തനം ആരംഭിച്ചതു മുതൽ പ്രേരക്മാർ സാക്ഷരതാമിഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. ത്രിതല പഞ്ചായത്തുകളുടെ ഭാഗമായാണ് പ്രേരക്മാർ സാക്ഷരതാ-തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ ഉൾപ്പെട്ടിരുന്ന പ്രേരക്മാർ സാക്ഷരതാസമിതിയുടെ കാലത്തും പിന്നീട് 08.05.1997-ലെ ജി.ഒ(എം.എസ്)നം. 163/1997/പൊ.വി.വ പ്രകാരവും 22.08.1997-ലെ ജി.ഒ.(എം.എസ്)നം.332/1997/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരവും സാക്ഷരതാ മിഷൻ അതോറിറ്റി ആയി പുനർ നാമകരണം ചെയ്തതിനുശേഷവും സാക്ഷരതാമിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. |
| (ബി) | സാക്ഷരതാ മിഷന്റെ നിയന്ത്രണത്തിൽ ആയതിനുശേഷം സാക്ഷരതാ പ്രേരകുമാർക്ക് വേതനം നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ വേതനമാണ് മുടങ്ങിയിട്ടുള്ളതെന്നും വേതനം മുടങ്ങാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 2022 ആഗസ്റ്റ് മാസത്തെ 60 ശതമാനവും സെപ്റ്റംബർ മുതൽ 2023 ജനുവരി വരെയുള്ള ഓണറേറിയവും പ്രേരക്മാർക്ക് അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് ലഭ്യമാകാൻ വൈകിയ സാഹചര്യത്തിൽ 60% പ്രേരക് ഓണറേറിയവും തുല്യതാ അധ്യാപക ഓണറേറിയവും തനതു ഫണ്ടിൽനിന്നും വിനിയോഗിച്ചതിനാൽ തനതു ഫണ്ടിലുണ്ടായ കുറവ് നിമിത്തം 40% ഓണറേറിയം പ്രേരക്മാർക്ക് യഥാസമയം നൽകാൻ കഴിയാതെ വന്നു.<br><br>പ്രേരക്മാർക്ക് നിശ്ചയിച്ച വേതനത്തിൽ 2022 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ടായിരുന്നു. പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 4.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്യുകയും ജനുവരി മാസത്തെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |

| | | | |
|---|---|---|---|
| (സി) | സാക്ഷരതാ പ്രേരകുമാരുടെ വേതനം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഉണ്ട്. 2022 ആഗസ്റ്റ് മാസത്തെ 60 ശതമാനവും സെപ്റ്റംബർ മുതൽ 2023 ജനുവരി വരെയുള്ള ഓണറേറിയവും പ്രേരക്മാർക്ക് അനുവദിക്കുന്നതിന് സർക്കാർ ഗ്രാന്റ് ലഭ്യമാകാൻ വൈകിയ സാഹചര്യത്തിൽ 60% പ്രേരക് ഓണറേറിയവും തുല്യതാ അധ്യാപക ഓണറേറിയവും തനതു ഫണ്ടിൽനിന്നും വിനിയോഗിച്ചതിനാൽ തനതു ഫണ്ടിലുണ്ടായ കുറവ് നിമിത്തം 40% ഓണറേറിയം പ്രേരക്മാർക്ക് യഥാസമയം നൽകാൻ കഴിയാതെ വന്നു.<br><br>പ്രേരക്മാർക്ക് നിശ്ചയിച്ച വേതനത്തിൽ 2022 സെപ്റ്റംബർ മുതൽ കുടിശ്ശിക ഉണ്ടായിരുന്നു. പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് 4.78 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഡിസംബർ മാസം വരെയുള്ള ഓണറേറിയം തുക പൂർണ്ണമായും വിതരണം ചെയ്യുകയും ജനുവരി മാസത്തെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ഡി) | സാക്ഷരതാപ്രേരകുമാരെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലാക്കി സർക്കാർ വീണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് കാരണമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | സാക്ഷരതാമിഷനിലെ പ്രേരക്മാരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യസിക്കുമെന്ന 2021ലെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 31.03.2022ലെ സ.ഉ(കൈ) നം.72/2022/പൊ.വി.വ പ്രകാരം പ്രേരക്മാരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർവിന്യസിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ